ജലവിഭവ കൗൺസിൽ

*26[356]ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, വി. ഡി. സതീശൻ:
,, എഴുകോൺ നാരായണൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, കെ. പി. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ജലവിഭവ കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ കൗൺസിലിന്റെ കർത്തവ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) കരാറുകൾ ലംഘിച്ചും അല്ലാതെയും തമിഴ്നാട് കേരളത്തിന്റെ വെള്ളം നിരന്തരം ചോർത്തുന്നതിനെതിരെ സ്വീകരിക്കേണ്ട നടപടികളെപ്പറ്റി ഈ കൗൺസിൽ എന്തെല്ലാം ശിപാർശകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) സംസ്ഥാന ജലവിഭവ കൗൺസിലിലെ ഔദ്യോഗിക അംഗങ്ങൾ താഴെ പറയുന്നവരാണ്:

1. മുഖ്യമന്ത്രി-അദ്ധ്യക്ഷൻ
2. ജലസേചന വകുപ്പുമന്ത്രി-ഉപാദ്ധ്യക്ഷൻ
3. കൃഷി വകുപ്പുമന്ത്രി-അംഗം
4. ഊർജ്ജ വകുപ്പുമന്ത്രി-അംഗം
5. സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ-അംഗം
6. ചീഫ് സെക്രട്ടറി-അംഗം
7. അദ്ധ്യക്ഷൻ, ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്-അംഗം
8. കാർഷികോല്പാദന കമ്മീഷണർ-അംഗം
9. ആസൂത്രണ വകുപ്പ് സെക്രട്ടറി-അംഗം

LIBRARY ARCHIVES Kerala Legislative Assembly

10. അദ്ധ്യക്ഷൻ, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്-അംഗം
11. ജലവിഭവ വകുപ്പ് സെക്രട്ടറി-മെമ്പർ
12. ഊർജ വകുപ്പ് സെക്രട്ടറി-അംഗം
13. ഗ്രാമ വികസന വകുപ്പ് സെക്രട്ടറി-അംഗം
14. അദ്ധ്യക്ഷൻ, കേരള ജല അതോറിറ്റി-അംഗം
15. ഡയറക്ടർ, ഭൂജല വകുപ്പ്-അംഗം
16. ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി., തിരുവനന്തപുരം-അംഗം
17. എക്സിക്യൂട്ടീവ് ഡയറക്ടർ, സി.ഡബ്ല്യു.ആർ.ഡി.എം., കോഴിക്കോട്-അംഗം
18. പ്രിൻസിപ്പൽ സെക്രട്ടറി (ഭവന നിർമ്മാണം)-അംഗം
19. പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായം)-അംഗം
20. പ്രിൻസിപ്പൽ സെക്രട്ടറി (ഗ്രാമ വികസനം)-അംഗം

അനൗദ്യോഗിക അംഗങ്ങൾ

1. ഡോ. എ. എം. മൈക്കിൾ, മുൻ വൈസ് ചാൻസലർ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി.
2. ഡോ. കെ. സി. തോമസ്, മുൻ ചെയർമാൻ, സെൻട്രൽ വാട്ടർ കമ്മീഷൻ.
3. ശ്രീ. ബാലകൃഷ്ണൻ നായർ, ചീഫ് എഞ്ചിനീയർ (റിട്ട.), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
4. ശ്രീ. എം. കെ. പരമേശ്വരൻ നായർ, മെമ്പർ (സിവിൽ) (റിട്ട.), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

(സി) സംസ്ഥാന ജലവിഭവ കൗൺസിലിന്റെ കർത്തവ്യങ്ങൾ താഴെപ്പറയുന്ന വയാണ്:

1. സംസ്ഥാനത്തിനുവേണ്ടി ഒരു ജലനയത്തിന് രൂപം നൽകുക.
2. സംസ്ഥാനത്തെ ജല സ്രോതസ്സുകളുടെ ഫലപ്രദമായ രീതിയിലുള്ള വികസനം, പരിപാലനം എന്നിവയ്ക്കായി പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.
3. അന്തർ സംസ്ഥാന ജലത്തെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ ഉതകുന്ന നയതന്ത്രങ്ങൾ വികസിപ്പിക്കുക.
4. സംസ്ഥാനത്തെ ജല സംബന്ധമായ പ്രശ്നങ്ങൾക്ക് ആവശ്യമായ ശാസ്ത്ര സാങ്കേതിക വിദ്യയ്ക്ക് വിശാലമായ രൂപരേഖ ഏർപ്പെടുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പമ്പാ-അച്ചൻകോവിൽ നദികളെ വൈപ്പാർ നദിയുമായി യോജിപ്പിക്കാനുള്ള പദ്ധതിയോട് വിയോജിപ്പ് പ്രകടിപ്പിക്കുകയും മേൽ നടപടികൾ നിർത്തിവയ്ക്കാൻ കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെടാനും തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ സൗകര്യം

*27 [357] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഈ സൗകര്യം ഉപയോഗപ്പെടുത്തി എത്ര വിദ്യാർത്ഥി വിദ്യാർത്ഥിനികൾ ഓരോ ഹോസ്റ്റലിലും താമസിക്കുന്നുണ്ട്;

(സി) ഇവർക്കുവേണ്ടി ഓരോ ഹോസ്റ്റലിലും പ്രതിമാസം എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ, ബി ആന്റ് സി) വിശദവിവരം † അനുബന്ധമായി ചേർത്തിട്ടുണ്ട്.

ടൂറിസം പദ്ധതികൾ വിജയകരമായി നടപ്പാക്കിയതിന് ടൂറിസ്റ്റ് വകുപ്പിന് ലഭിച്ച പുരസ്കാരങ്ങൾ

*28 [358] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ടൂറിസം പദ്ധതികൾ വിജയകരമായി നടപ്പാക്കിയതിന് ടൂറിസ്റ്റ് വകുപ്പിന് ഈ വർഷം ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും എന്തെങ്കിലും അവാർഡുകളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.